# അതിഥിസല്ക്കാരമെന്ന നല്ല കല

## (28:1-15)

പകലിലെ ചൂടിൽ അബ്രഹാം തന്റെ കൂടാരവാതിലിൽ വിശ്രമിക്കയായിരുന്നു. അവൻ കണ്ണ് ഉയർത്തി നോക്കിയപ്പോൾ, എവിടെ നിന്നോ മൂന്നു അപരിചിതർ വരുന്നതായി കണ്ടു. അവൻ കാലൂന്നി, താഴ്ന്ന ശബ്ദത്തിൽ അവരോട് സംസാരിച്ചു:

> യജമാനനേ, എന്നോടു കൃപയുണ്ടെങ്കിൽ, അടിയനെ കടന്നു പോകരുതേ. അസാരം വെള്ളം കൊണ്ടുവന്നു നിങ്ങളുടെ കാലുകളെ കഴുകട്ടെ, വൃക്ഷത്തിൻ കീഴിൽ ഇരിപ്പിൻ; ഞാൻ ഒരു മുറി അപ്പം കൊണ്ടുവരാം, വിശപ്പ് അടക്കീട്ട്; നിങ്ങൾക്കുപോകാം, ഇതിന്നായിട്ടല്ലോ നിങ്ങൾ അടിയന്റെ അടുക്കൽ കയറി വന്നത്. നീ പറഞ്ഞതുപോലെ ആകട്ടെ എന്നു അവർ പറഞ്ഞു ... (ഉല്പത്തി 18:3-5).

ബാല്യക്കാരൻ സന്ദർശകരുടെ കാലുകൾ കഴുകുന്നതിനിടയിൽ, അബ്രഹാം സാറയോട് അപ്പം ഉണ്ടാക്കുവാൻ പറഞ്ഞു. അവൻ പശുകൂട്ടത്തിൽ ചെന്നു, ഏറ്റവും നല്ല കാളക്കുട്ടിയെ പിടിച്ചു, ബാല്യക്കാരനോടു അതിനെ പാകം ചെയ്യുവാൻ ആവശ്യപ്പെട്ടു. പിന്നെ വിരുന്നു ഒരുക്കുന്നതിനിടയിൽ അവൻ ചെന്നു അതിഥികളെ ഉപചരിക്കാൻ തുടങ്ങി. ഭക്ഷണം കഴിക്കുന്നതിനിടയിൽ, അജ്ഞാതനായ അപരിചിതർ സാറ അടുത്തവർഷം ഒരു മകനെ പ്രസവിക്കും എന്നു അരുളിച്ചെയ്തതു അബ്രഹാമിനെ അതിശയിപ്പിച്ചു, കാരണം അവർക്കു രണ്ടുപേർക്കും പുത്രോല്പാദനത്തിനുള്ള പ്രായം കഴിഞ്ഞിരുന്നു. ഭക്ഷണശേഷം, അബ്രഹാം അവരെ നല്ല ആതിഥേയരെപോലെ യാത്ര അയപ്പാൻ ചെന്നു. അങ്ങനെ, അവർ ദൈവത്തിന്റെ സന്ദേശവാഹകരെന്നു അവൻ കണ്ടെത്തി (ഉല്പത്തി 18:16-33)!

ഈ പഴയ നിയമ സംഭവം പുതിയ നിയമത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്: “അതിഥി സല്ക്കാരം മറക്കരുത്, അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സല്ക്കരിച്ചിട്ടുണ്ടല്ലോ” (എബ്രായർ 13:2).

അതിഥി സൽക്കാരം പ്രധാന ബൈബിൾ ഉപദേശമാണ്. പ്രായോ

ഗിക ക്രിസ്ത്യാനിത്വത്തിന്റെ വലിയ അദ്ധ്യായമായ, റോമർ 12–ൽ, പൗലൊസ്: "വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും, അതിഥി സൽക്കാരം ആചരിക്കയും ചെയ്‌വിൻ" എന്നു പറഞ്ഞിരിക്കുന്നു (റോമർ 12:13). മൂപ്പന്മാരുടെ യോഗ്യതകളിൽ ഒന്നാണ് അതിഥിപ്രിയനായിരിക്കേണം എന്നത് (1 തിമൊഥെയൊസ് 3:2; തിത്തൊസ് 1:8). പത്രൊസ് പറഞ്ഞു, "പിറുപിറുപ്പു കൂടാതെ തമ്മിൽ അതിഥി സൽക്കാരം ആചരിപ്പിൻ" (1 പത്രൊസ് 4:9).

അതിഥി സൽക്കാരം എന്നാൽ വാസ്തവത്തിൽ എന്താണെന്നു നമുക്കറിയാമോ? വ്യക്തികൾ മറ്റുള്ളവരെ അവരുടെ വീടുകളിലേക്കു ക്ഷണിച്ചാൽ, നാം അതിനെ "അതിഥി സൽക്കാരം" എന്നു പറയുന്നു. ബൈബിൾ അനുസരിച്ച്, ചിലപ്പോൾ അത് അങ്ങനെ ആയിരിക്കാം, മറ്റു ചിലപ്പോൾ അല്ലായിരിക്കാം.

"ഹോസ്പിറ്റബിൾ" എന്നതു സംയുക്ത വാക്ക് തർജ്ജിമ ചെയ്തതാണ് "സ്നേഹം" എന്ന വാക്കിനുള്ള (*ഫിലോസ്*) എന്നും "അപരിചിതൻ" എന്നതിനുള്ള (*സീനോസ്*) എന്നും. അതുകൊണ്ട് ഗ്രീക്കു വാക്കിന്റെ അക്ഷരിക അർത്ഥം "അപരിചിത – സ്നേഹിതൻ" എന്നാണ്.[1] അബ്രഹാം മൂന്നു പുരുഷന്മാരെ സൽക്കരിച്ച പ്രത്യേക സംഭവത്തെ പരിശോധിച്ചാൽ: അവരെ അവൻ ഒരിക്കലും കണ്ടിരുന്നില്ല; അവർ തികച്ചും അപരിചിതർ ആയിരുന്നു.

ബൈബിളിലെ അതിഥിസൽക്കാരം പരസ്പരവിനിമയമായുള്ളതല്ല; നമ്മെ തിരിച്ചു സൽക്കരിക്കുന്നവരെ സൽക്കരിക്കുക എന്നതല്ല; അതു പാർട്ടി നല്കയുമല്ല. മറിച്ച്, *വീണ്ടും തിരിച്ച് ലഭിക്കാത്ത അപരിചിതർക്ക് ദയവു കാണിക്കുകയാണ്* (മത്തായി 5:46, 47 നോക്കുക).

പഴയനിയമത്തിൽ ഉടനീളം, അപരിചിതന് പ്രത്യേകമായ കരുതൽ ദൈവം നൽകിയിട്ടുണ്ട്:

> പഴയനിയമത്തിൽ ഉടനീളം, അപരിചിതനു പ്രത്യേകമായ കരുതൽ ദൈവം നല്കുന്നുണ്ട് പരദേശിയെ ഉപദ്രവിക്കരുത്, നിങ്ങൾ മിസ്രയിം ദേശത്തു പരദേശികളായതുകൊണ്ടു പരദേശിയുടെ അനുഭവം അറിയുന്നുവല്ലൊ (പുറപ്പാട് 23:9).
>
> നിന്റെ മുന്തിരി തോട്ടത്തിൽ കാലാ പറിക്കരുത്, നിന്റെ മുന്തിരിത്തോട്ടത്തിൽ വീണു കിടക്കുന്ന പഴം പെറുക്കുകയും അരുത്; അവയെ ദരിദ്രനും പരദേശിക്കും വിട്ടേക്കണം ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു ... (ലേവ്യാപുസ്തകം 19:10).
>
> നിങ്ങളോടു കൂടെ പാർക്കുന്ന പരദേശി നിങ്ങൾക്കു സ്വദേശിയെ പോലെ ഇരിക്കേണം, അവനെ നിന്നെപോലെ തന്നെ സ്നേഹിക്കണം; നിങ്ങളും മിസ്രയിം ദേശത്തു പരദേശികളായിരുന്നുവല്ലൊ: ... (ലേവ്യാ പുസ്തകം 19:34).[2]

അപരിചിതരോടു ദയവുകാണിക്കാമെന്നു പുതിയനിയമത്തിൽ

തുടർച്ചയായി പറയുന്നുണ്ട്: ന്യായവിധിനാളിൽ, കർത്താവു വലത്തു ള്ളവരോട് പറയും, "ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു" (മത്തായി 25:35), ഇടത്തുള്ളവരോട് അവൻ പറയും, "അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല" (വാക്യം 43). വീണ്ടും, പ്രത്യേക ശുശ്രൂഷ ചെയ്യുന്ന സ്ത്രീകളുടെ യോഗ്യതകളെപ്പറ്റി പറയുമ്പോൾ: "... അവൾ അതിഥിയെ സൽക്കരിക്കയോ എന്നാണ്, ..." (1 തിമൊഥെയൊസ് 5:10).[3]

നാമെല്ലാം ചിലപ്പോൾ അല്ലെങ്കിൽ മറ്റൊരിക്കൽ അതിഥികളാണെന്ന അംഗീകാരമാണ് അതിഥി സൽക്കാരം സൂചിപ്പിക്കുന്നത്. നാം സൽക്ക രിക്കപ്പെടുവാൻ ആഗ്രഹിക്കുന്നതുപോലെ നാം മറ്റുള്ളവരെ സൽക്കരി ക്കണം. ഒരു അതിഥിയായിരിക്കുക എന്നാൽ എന്താണെന്നു, അബ്രഹാം അറിഞ്ഞിരുന്നു. കനാൻ ദേശവാസികളോടു അവൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ ഇടയിൽ പരദേശിയും വന്നു പാർക്കുന്നവനും ആകുന്നു" (ഉല്പത്തി 23:4).

നിങ്ങൾ ഒരു പരദേശി ആയിരുന്നതു ചിന്തിക്കുക. ഒരുപക്ഷെ ഒരു കവി എഴുതിയതുപോലെ ആയിരിക്കാം നിങ്ങൾ,

> ഞാൻ, ഉണ്ടാക്കാത്ത ഒരു ലോകത്തിൽ
> ഞാൻ പരദേശിയും ഭയപ്പെടുന്നവനും ആണ്.[4]

തോമസ് വോൾഫുമായി നിങ്ങൾ യോജിക്കുമായിരിക്കും: "എന്നേക്കും പരദേശിയും ഏകനും ആകാം നമ്മിൽ ആരെങ്കിലും ഉണ്ടോ?"[5] നാം ഓരോ രുത്തരും "ഒരു പരദേശിയും ഏകനും" ആണ്. അതുകൊണ്ട്, നാം ഒറ്റ പ്പെട്ടവരെ കണ്ടെത്തുവാൻ ശ്രമിക്കണം.

അതിഥി സൽക്കാരത്തിന്റെ പ്രത്യേക പഴയ മാതൃകയാണ് അബ്ര ഹാമും മൂന്നു പുരുഷന്മാരും എങ്കിൽ, അത്തരം പ്രത്യേക മാതൃക പുതി യനിയമത്തിൽ കാണാവുന്നതാണ് പ്രവൃത്തികൾ 28. മെലിത്താ നിവാ സികൾ പൗലൊസിനോടു കാണിച്ച ദയവിൽ നിന്നു അനേകം മക്കൾ ബൈബിൾ അതിഥി സൽക്കാരത്തെപ്പറ്റി പഠിച്ചിട്ടുണ്ട്. പൗലൊസ് റോമ യിൽ എത്തുവാൻ ബദ്ധപ്പെടുന്ന വിലമതിക്കുന്ന വിവരണമാണ് പ്രവൃ ത്തികൾ 28:1–15.

മദ്ധ്യധരണ്യാഴിക്കടലിനരികിലുള്ള ഒരു ചെറിയ ദ്വീപായ മെലിത്ത യുടെ തീരത്തു, പൗലൊസും, അവന്റെ സ്നേഹിതന്മാരും, സഹയാത്രി കരും എത്തി. അവർ അവിടെ ചെലവഴിച്ച മൂന്നുമാസങ്ങളെ അപഗ്രഥി ച്ചാൽ (28:11), നാം "സ്നേഹിക്കുന്ന അപരിചിതരുടെ"[6] ചില ഉദാഹരണ ങ്ങൾ നമുക്കു കാണാൻ കഴിയും.

## ദ്വീപുവാസികൾ അപരിചിതരോട് ദയ കാണിക്കുന്നവർ ആയിരുന്നു (28:1-7)

മെലിത്ത തീരത്തു കപ്പൽ അടിയുന്നതു അവിടത്തെ ആരോ കണ്ടു. വാക്കു വ്യക്തികളിൽ നിന്നു വ്യക്തികളിലേക്കു കടന്നു ചെന്നു, പ്രദേ ശവാസികളിൽ അനേകർ തീരത്തു കാത്തു നില്ക്കുന്നു. കപ്പൽ ഛേദ

മുണ്ടായാൽ അതിനിരയാകുന്നവരുടെ വിലപ്പെട്ട വസ്തുക്കൾ കവർ ന്നെടുക്കുക സാധാരണമായിരുന്നു. ലൂക്കൊസ്, എങ്ങനെയായാലും, ശ്രദ്ധിച്ചു “അവിടത്തെ ബർബ്ബരന്മാർ ഞങ്ങൾക്കു അസാധാരണ ദയ കാണിച്ചു; മഴയും ശീതവും നിമിത്തം, തീ കൂട്ടി ഞങ്ങളെ ഒക്കെയും കൈക്കൊണ്ടു” (വാക്യം. 2). കപ്പലിലുണ്ടായിരുന്നവർ ദ്വീപുവാസികൾക്കു അപരിചിതർ ആയിരുന്നെങ്കിലും, അവർ ആവശ്യമുള്ള അപരിചിതർ ആയിരുന്നു. മെലിത്തയിലെ പൗരന്മാർ അതിഥി സൽക്കാരം ആചരിച്ചു.

ആ പ്രദേശത്തുകാർ അതിഥിസൽക്കാരം നടത്തുവാനുള്ളകാരണം 7–ാം വാക്യത്തിൽ വ്യക്തമാക്കുന്നുണ്ട്: ലൂക്കൊസ് പറഞ്ഞു, “... ആ സ്ഥലത്തിന്റെ സമീപത്തു, പുബ്ലിയോസ് എന്ന ദ്വീപുപ്രമാണിക്കു ഒരു ജന്മഭൂമിയുണ്ടായിരുന്നു, ... അവൻ ഞങ്ങളെ ചേർത്തു മൂന്നു ദിവസം ആദരവോടെ അതിഥി സൽക്കാരം ചെയ്തു.” ദ്വീപുപ്രമാണിയായിരുന്ന, പുബ്ലിയോസ്,[7] തന്നെ അതിഥിസൽക്കാരം ചെയ്തു മറ്റു പൗരന്മാർക്കു മാതൃകയായിത്തീർന്നു. നിങ്ങൾ അതിഥി സൽക്കാരം ചെയ്യുന്ന ആളുകളെ കാണുമ്പോൾ, അവരെ അതിനു പ്രേരിപ്പിച്ച ഒരു നായകനെ കാണാൻ കഴിയും. അതുകൊണ്ടാണ് കർത്താവിന്റെ സഭയിലെ മൂപ്പന്മാർ, 1 തിമൊഥെയൊസ് 3:2 ഉം തിത്തൊസ് 1:8 ഉം അനുസരിച്ചു അതിഥിപ്രിയർ ആകണം എന്നു പറയുന്നത്. അവർ അതിഥിപ്രിയരല്ലെങ്കിൽ, ഇടവകയും അതിഥിസൽക്കാരം ആചരിക്കയില്ല.

### പൗലൊസ് അപരിചിതരോട് ദയയുള്ളവനായിരുന്നു (28:8-10)

ദ്വീപുവാസികൾ മാത്രമല്ല അപരിചിതരോടു സ്നേഹവും കരുതലും കാണിച്ചത്. പൗലൊസ് പുബ്ലിയോസിനെ സന്ദർശിച്ചപ്പോൾ, അവന്റെ അപ്പൻ മെലിത്തപ്പനി പിടിച്ചു കിടക്കുകയാണെന്നു അവൻ അറിഞ്ഞു.[8] ഉടനെ, “പൗലൊസ് അവന്റെ അടുക്കൽ അകത്തു ചെന്നു പ്രാർത്ഥിച്ചു, അവന്റെ മേൽ കൈവച്ചു സൗഖ്യം വരുത്തി” (വാക്യം 8). ആ സൗഖ്യവാർത്ത പരന്നപ്പോൾ, ദ്വീപിലെ മറ്റു ദീനക്കാരും വന്നു സൗഖ്യം പ്രാപിച്ചു[9] (വാക്യം 9).

അതിഥി സൽക്കാരത്തിന്റെ ഉദ്ദേശം പ്രത്യുപകാരമായിരുന്നില്ല, അതിഥിസൽക്കാരം ലഭിച്ചവർക്കു തിരിച്ചു നല്കാനുള്ള വസ്തുവോ അവസരമോ ഇല്ലായിരുന്നു. എങ്ങനെയായാലും, ചിലപ്പോൾ, സഹായം രണ്ടുപക്ഷത്തേക്കും ഒഴുകും – അത്തരത്തിൽ പദ്ധതി തയ്യാറാക്കിയതുകൊണ്ടല്ല, പക്ഷെ അങ്ങനെ സംഭവിക്കുന്നു. തന്നെ സഹായിച്ചവരെ തിരിച്ചു സഹായിക്കുവാൻ പൗലൊസിനു കഴിഞ്ഞിരുന്നു. കൂടാതെ, ലൂക്കൊസ് പറഞ്ഞു “അവരും ഏറിയ സമ്മാനം തന്നു ഞങ്ങളെ മാനിച്ചു” (വാക്യം 10). പിന്നീട്, അവൻ പറഞ്ഞു, “ഞങ്ങൾ കപ്പൽ കയറുന്ന സമയം, ആവശ്യമുള്ളതു കയറ്റിത്തന്നു” (വാക്യം 10). പൗ ലൊസും കൂട്ടരും കപ്പൽഛേദത്തിനു ശേഷം കരയിൽ എത്തിയപ്പോൾ അവരുടെ വസ്ത്രങ്ങൾ മാത്രം ഉണ്ടായിരുന്നുള്ളു; നന്ദിയുള്ള മെലിത്ത നിവാസികൾ അവരുടെ റോമയിലേക്കുള്ള യാത്രക്കു ആവശ്യമുള്ളതെല്ലാം കൊടുത്തു.

**സഹോദരന്മാർ ഒരു അപരിചിതനോടു ദയ കാണിച്ചു (28:11-15)**

സാധാരണ അർത്ഥത്തോടുകൂടിയാണ് നാം “സ്ട്രെയിഞ്ചർ” എന്ന വാക്ക് ഉപയോഗിച്ചത്: നാം ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരാൾ, നമുക്കു യാതൊരു ബന്ധവുമില്ലാത്ത ആൾ. ചിലപ്പോൾ, ഈ വാക്ക് ബൈബിളിൽ പ്രോത്സാഹനം ആവശ്യമുള്ള ദൈവമക്കൾക്ക് ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിനു, ലേവ്യാപുസ്തകം 25:35-ൽ മോശെ എഴുതി, “നിന്റെ സഹോദരൻ ദരിദ്രനായിത്തീർന്നു നിന്റെ അടുക്കൽ വെച്ചു ക്ഷയിച്ചു പോയാൽ ... , നീ അവനെ താങ്ങേണം, അന്യനും പരദേശിയും എന്ന പോലെ അവൻ നിന്റെ അടുക്കൽ പാർക്കേണം, ... .” വീണ്ടും, പുതിയ നിയമത്തിൽ, സഹോദരന്മാരെ സഹായിക്കേണ്ടതിനെക്കുറിച്ചു യോഹന്നാൻ പറഞ്ഞു “വിശേഷാൽ അതിഥികൾക്കും വേണ്ടി” (3 യോഹന്നാൻ 5).

പൗലൊസ് റോമയിലേക്കു പോയപ്പോൾ, മുൻപ് ഒരിക്കലും കണ്ടിട്ടില്ലാത്ത സഹോദരന്മാരെ അവൻ കണ്ടു - അവർ അവനെ സ്വീകരിച്ചു കൊണ്ട് പ്രോത്സാഹിപ്പിച്ചു. വാക്യം 15 പറയുന്നു, “അവിടത്തെ സഹോദരന്മാർ, ഞങ്ങളുടെ വർത്തമാനം കേട്ടിട്ടു, [റോമയിൽ നിന്നു] അപ്യപുരവും ത്രിമണ്ഡപവും വരെ ഞങ്ങളെ എതിരേറ്റു വരും; അവരെ കണ്ടിട്ടു പൗലൊസ്, ദൈവത്തെ വാഴ്ത്തി ധൈര്യം പ്രാപിച്ചു.”

“അപരിചിതൻ” എന്ന ആശയം വിപുലമായി ഉപയോഗിക്കുകയാണെങ്കിൽ, നാം അറിഞ്ഞിരിക്കേണ്ടതും അറിയാത്തതുമായ പലതും ഒരു പക്ഷെ ചിന്തിക്കാൻ സാധിക്കും - നമ്മുടെ സമൂഹങ്ങളിൽ പ്രോത്സാഹനം ആവശ്യമുള്ളവരും നാം അറിയാത്തവരും, നമ്മുടെ ജോലിസ്ഥലത്ത്, നാം സംബന്ധിക്കുന്ന ഇടവകയിൽ, ചിലപ്പോൾ നമ്മുടെ വീട്ടിലും കണ്ടേക്കാം![10]

**ഉപസംഹാരം**

ബൈബിളിൽ പറയുന്ന അതിഥിസൽക്കാരത്തെക്കുറിച്ചു ചില അവസാന നിരീക്ഷണങ്ങൾ നമുക്കു നടത്താം:

(1) അതിഥി സൽക്കാരമായിട്ട്, ആളുകളെ വീടുകളിലേക്കു ക്ഷണിച്ചു, ആഹാരം കൊടുക്കുന്നതും ഉൾപ്പെടുന്നു - അബ്രഹാമിനെ പോലെ - എന്നാൽ അതിൽ മാത്രം ഒതുങ്ങുന്നതല്ല അത്. ഒരു “അപരിചിത - സ്നേഹിതൻ” ആകയാൽ നാം മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അലിവുള്ളവരും ആ ആവശ്യങ്ങൾ നിറവേറ്റുന്നവരും ആകണം. ഈ പാഠത്തിൽ, അപരിചിതർക്കു വിവിധ ആവശ്യങ്ങൾ ഉണ്ടായിരുന്നതായി നാം കണ്ടു: തീച്ചൂട് ആവശ്യമായിരുന്നു, സ്ഥലം, ആരോഗ്യവും, പ്രോത്സാഹനവും. പ്രവൃത്തികളുടെ പുസ്തകം 28 ലെ “അപരിചിത - സ്നേഹിതന്മാർ” ആ ആവശ്യം നിറവേറ്റുന്നതിൽ ദയയുള്ളവർ ആയിരുന്നു.

(2) വാസ്തവത്തിലുള്ള സഹായം നല്കി പ്രകടിപ്പിക്കുന്നത് അതിന്റെ വലിപ്പത്തിലല്ല, പിന്നെയോ ആ സഹായം നല്കുന്നതിന്റെ ഊഷ്മളതയാണ്. അതിഥി സൽക്കാരം അമിതവ്യയമാണെന്ന ആശയം മറ്റൊരു വസ്തുതയേക്കാളും അതിഥി സൽക്കാരത്തെ നിരുത്സാഹപ്പെ

ടുത്തുന്നതാണ്. ഒരു സ്ത്രീ വിലപിക്കയുണ്ടായി, "അതിഥി സൽക്കാരം എന്നാൽ പാചകം ചെയ്തു തന്നെത്താൻ ഇല്ലാതാക്കുക എന്നാണെന്ന തെറ്റായ ധാരണ വെച്ചു പുലർത്തിയിരുന്നു, അതുകൊണ്ട് അതിഥികൾ വരുമ്പോൾ, ഞാൻ കതകു തുറക്കുന്നതിനു പകരം പോയി ബെഡ്ഡിൽ കയറിക്കിടക്കും."[11] നമ്മുടെ വേദഭാഗത്തിൽ പ്രകടമാക്കിയിട്ടുള്ള അതിഥി സൽക്കാരങ്ങളിലെല്ലാം ഒന്നുകിൽ വളരെക്കുറിച്ചു ബലമോ അല്ലെങ്കിൽ ഒരു ചെലവുമില്ലാത്തതോ ആണ് – കപ്പൽഛേദത്തിൽ നിന്നു രക്ഷപ്പെട്ടു വിറച്ചുകൊണ്ടിരിക്കുന്നവർക്ക് തീ കൂട്ടി, അപ്യൻ വഴി സഞ്ചരിച്ചു പൗലൊസിനെ സ്വീകരിക്കാൻ വന്നു – ഈ പ്രകടനങ്ങൾ നടത്തിയവർക്കു വലിയ ചെലവൊന്നും ഉണ്ടായില്ല.[12]

(3) സമ്പാദ്യം പങ്കിടുന്നതിനെക്കാൾ നിങ്ങളെത്തന്നെ പങ്കിടുന്നതാണ് അതിഥി സൽക്കാരം. ആരോ "അതിഥി സൽക്കാരത്തെ" "അപരിചിതനെ ക്ഷണിച്ച് അവർക്ക് സ്നേഹിതരാകുവാൻ പറ്റിയ സ്വാതന്ത്ര്യം സൗഹൃദവുമായ അന്തരീക്ഷം ഉണ്ടാക്കലാണ്" എന്ന് നിർവ്വചിച്ചിട്ടുണ്ട്.[13] അതിഥികൾ എത്തുമ്പോഴെല്ലാം പാകം ചെയ്തു തളർന്നു എന്നു ഏറ്റു പറഞ്ഞ ആ സ്ത്രീ ഇതു മനസിലാക്കിയിരിക്കണം: "[അതിഥി സൽക്കാരത്തിന്റെ] മുഖ്യ ഉദ്ദേശം അതിഥികൾക്ക് ആഹാരം കൊടുക്കൽ അല്ല – അവർക്ക് അവരുടെ വീട്ടിൽ ഭക്ഷണം കഴിക്കാമല്ലോ. ആഹാരത്തെക്കാൾ നിങ്ങളുടെ ഒരു ഭാഗം പങ്കിടുവാനുള്ള മനസാണ് സുപ്രധാനം – നിങ്ങളുടെ സ്നേഹം, നിങ്ങളുടെ ദയ, നിങ്ങളുടെ ഔദാര്യം – നിങ്ങളുടെ അതിഥികൾക്ക് ഇവ നിങ്ങളിൽ നിന്നു മാത്രമെ ലഭിക്കയുള്ളു!"[14]

ഞാൻ ഈ പാഠത്തെ "അതിഥി സൽക്കാരം എന്ന കല" എന്നാണ് വിളിച്ചിരുന്നത്. നമ്മിൽ ചിലർക്ക്, അതു "*നഷ്ടപ്പെട്ട* അതിഥി സൽക്കാര കല" എന്നാക്കി മാറ്റാം? നാം ഓരോരുത്തരും "അപരിചിത സ്നേഹിതന്മാർ" ആകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

---

കുറിപ്പുകൾ

[1]ലാറ്റിൻ വാക്കായ "ഗസ്റ്റ്" (*ഹോസ്പെസ്*) എന്ന വാക്കിൽ നിന്നാണ് ഇംഗ്ലീഷ് വാക്കായ "ഹോസ്പിറ്റബിൾ" എന്ന വാക്കു വരുന്നത്. ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം ഗ്രീക്ക് വാക്കിന്റേതിനേക്കാൾ തർജ്ജിമക്കു അർത്ഥവ്യാപ്തിയുണ്ട്. [2]ആവർത്തനപുസ്തകം 26:12; ഇയ്യോബ് 31:32; സങ്കീർത്തനങ്ങൾ 146:9; യിരമ്യാവ് 22:3; സെഖര്യാവ് 7:10 ഉം നോക്കുക. അതിഥികളാൽ മുതലെടുക്കുന്നതിനു പഴയനിയമത്തിൽ മുന്നറിയിച്ചിട്ടുണ്ട് (സങ്കീർത്തനങ്ങൾ 109:11; സദൃശവാക്യങ്ങൾ 11:15; മുതലായവ). നാം അതിഥി സല്ക്കാര പ്രിയരാകണം; നാം പിറുപിറുക്കരുത്. [3]ഇവർ വിധവമാരും ശരീരത്തെ ശുശ്രൂഷിക്കുന്നവരുമായിരുന്നു, അതുകൊണ്ട്, സഭ അവരെ സഹായിച്ചിരുന്നു. എൻ.എ.എസ്.ബി ഈ വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നതു "ഹോസ്പിറ്റാലിറ്റി" എന്നാണ്, എന്നാൽ ഞാൻ "ഹോസ്പിറ്റാലിറ്റിക്കു" ഉപയോഗിച്ച വാക്യങ്ങളിൽ ഇതു ഉൾപ്പെടുത്തിയിട്ടില്ല കാരണം "ഹോസ്പിറ്റാലിറ്റി" എന്നതിനു ഉപയോഗിച്ച ഗ്രീക്കു വാക്കാർത്ഥം "അതിഥികളെ *സൽക്കരിക്കുകയാണ്*." അല്ലാതെ "അപരിചിതരെ

*സ്നേഹിക്കുക*" എന്നല്ല. [4]എ.ഈ.ഹൗസ്മാൻ, *ലാസ്റ്റ് പോയംസ്* 1922, 9, ക്രിസ്റ്റി. 12, ഉദ്ധരിച്ചത് *ബാർലെറ്റേബിന്റെ പരിചിത ഉദ്ധരണികൾ: എക്സ്പാന്റഡ് മൾട്ടി മീഡിയ എഡിഷൻ.* എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്: ലൂയെൻ ചൗ, ലൂഡ്മിൽ പാജെഫ്. ലിറ്റിൽ, ബ്രൗൺ, ആന്റ് കമ്പനി. ആന്റ് വാർനർ ബുക്ക്, 1995. [5]തോമസ് വോൾഫ്, *ലുക്ക് ഹോവാർഡ്, ഏഞ്ചൽ*, 1929, ഉദ്ധരിച്ചത് *ബാർട്ട്ലെറ്റ്സ് ഫെമിലിയൽ ക്വട്ടേഷൻസ്: എക്സ്പാന്റഡ് മൾട്ടിമീഡിയ എഡീഷഷൻ.* [6]"പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ, "നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥലത്തു നിങ്ങളെ കാണുമ്പോൾ" എന്ന പാഠം നോക്കുക, ... ഈ പാഠത്തിലെ എന്റെ വ്യാഖ്യാനങ്ങൾ ചുരുങ്ങിയതാണ്. ഒരു പ്രസംഗത്തിനു ഉള്ളതു ഉപയോഗിക്കുകയാണെങ്കിൽ, വേദഭാഗത്തെക്കുറിച്ച് കൂടുതൽ പറയാം. [7]"പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ "നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥലത്തു നിങ്ങളെ കാണപ്പെടുമ്പോൾ" എന്ന പാഠത്തിലെ വാക്യം 7 ന്റെ നോട്ടുകൾ നോക്കുക. [8]"പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ "നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥലത്തു നിങ്ങൾ കാണപ്പെടുമ്പോൾ" എന്ന പാഠത്തിലെ 8-ാം വാക്യത്തിന്റെ നോട്ടുകൾ നോക്കുക. [9]അവർ ഒരുപക്ഷെ ഡോക്ടറായ ലൂക്കൊസിന്റെ അടുക്കലും വന്നിരിക്കാം. "പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ "നിങ്ങൾ ആകുവാൻ ആഗ്രഹിക്കാത്ത സ്ഥലത്തു നിങ്ങൾ കാണപ്പെടുമ്പോൾ" എന്ന പാഠത്തിലെ 9-ാം വാക്യത്തിന്റെ നോട്ടുകൾ നോക്കുക. [10]ഈ പാഠം *പ്രായോഗികമാക്കുവാൻ* പ്രാദേശിക സാഹചര്യത്തെ ബാധിക്കുന്നതാക്കുക!

[11]ബെൺലി ലാഹായ്, *ദ സ്പിരിറ്റ് കൺട്രോൾഡ് വിമെൻ* (യൂജീൻ, ഒറേഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1976), 93. [12]ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഉദാഹരണങ്ങൾ ശ്രോതാക്കൾക്ക് അർത്ഥവത്താക്കണം. അമേരിക്കയിൽ, വഴിയിൽ ടയർ പഞ്ചറായ ഒരാളുടെ ടയർ മാറ്റിയിടുവാൻ സഹായിക്കുന്നതും, ആസ്പത്രിയിൽ കിടക്കുന്ന അപരിചിത രോഗിക്ക് കൂട്ട് ഇരിക്കുന്നതും, കഷ്ടിച്ച് അറിയാവുന്ന അയല്ക്കാരനായ രോഗിയെ ശുശ്രൂഷിക്കുന്നതും ഏറിയും ഉൾപ്പെടുത്താം. [13]ഹെന്റി എച്ച്. എം. നൗവെൻ, *റീച്ചിങ്ങ് ഔട്ട്* (ന്യൂയോർക്ക്: ഡബിൾഡേ ആന്റ് കമ്പനി., 1975), എൻ.പി.; ഉദ്ധരിച്ചത് ഇൻ *ദ ആൻസർ* (ഡല്ലാസ്: വേഡ് ബൈബിൾസ്, 1993), 17. [14]ലാഹായ്, 62.

© 2009 Truth for Today